


**പ്രിയപ്പെട്ടവരേ, നമുക്കു പരസ്പരം സ്നേഹിക്കാം; എന്തെന്നാൽ, സ്നേഹം ദൈവത്തിൽനിന്നുള്ളതാണ്.**

1 യോഹന്നാൻ 4,7

# വിചിന്തനം ജൂലൈ 2021

പരിപൂർണതയിലേക്ക് വളരുന്നതിൽ അതീവ തത്പരനായിരുന്നു സന്യാസി. തനിക്കു ചുറ്റുമുള്ള ലോകത്തിലെ ചെറിയ ബന്ധങ്ങളെ അത്യന്തം അവജ്ഞയോടെയാണ് അദ്ദേഹം കണ്ടിരുന്നത്. തന്മൂലം, ഏകാന്തതയിലിരുന്നു പ്രാർത്ഥിക്കുന്നതിനായി, എല്ലാവരിൽനിന്നും അദ്ദേഹം അകന്നു.... ഒരു ദിവസം കുഞ്ഞുവാസന്തി അദ്ദേഹത്തിന്റെ അടുത്തു വന്നിരുന്നു. അവളുടെ സാന്നിധ്യം അദ്ദേഹത്തിൽ നിഗൂഢവും ശുദ്ധവുമായൊരു ദിവ്യസ്നേഹത്തെ ഉണർത്തി. അവൾ പിന്നീട് അവിടെ നിന്നും പോയി... അപ്പോൾ മുതൽ സന്യാസി തന്റെ ചുറ്റുമുള്ള എല്ലാറ്റിനെയും ഒരു പുതിയ വെളിച്ചത്തിൽ കാണാൻ തുടങ്ങി. അദ്ദേഹത്തിന്റെ ജീവിതം രൂപാന്തരപ്പെട്ടു. ചുറ്റുമുള്ളവരുമായുള്ള ചെറിയ ബന്ധങ്ങളിൽ, അർഥവും ആഴവും നൽകുന്ന വ്യത്യസ്തരൂപത്തിലുള്ള സ്നേഹം ദർശിക്കാൻ അദ്ദേഹത്തിന് സാധിച്ചു. (ടാഗോറിന്റെ 'സന്യാസി' എന്ന നാടകത്തിലെ കഥാപാത്രങ്ങളാണ് സന്യാസിയും വാസന്തിയും)

ഓരോ പുരുഷന്റെയും സ്ത്രീയുടെയും ഹൃദയത്തിൽ സ്നേഹത്തിനായുള്ള ഒരു തീവ്രാഭിലാഷമുണ്ട്. സ്നേഹം അതിന്റെ പല രൂപങ്ങളിൽ നമ്മുടെ ഹൃദയത്തെ ഇളക്കിമറിക്കും. സ്നേഹിക്കാനുള്ള ഈ വിളിയെ യേശു നവീകരിക്കുകയും പരിപൂർണമാക്കുകയും ചെയ്തു. അതിലുപരി അവിടന്ന് സ്നേഹത്തിന്റെ ഉത്തമ മാതൃകയാവുകയും, സ്നേഹത്താൽ സമ്പന്നമായൊരു ജീവിതം നയിക്കാൻ നമ്മെ ശക്തമായി വെല്ലുവിളിക്കുകയും ചെയ്തു. മാത്രമല്ല, സ്നേഹത്തിനായി ദാഹിക്കുന്ന ഓരോ വ്യക്തിക്കും ദൈവസ്നേഹം അനുഭവിച്ചറിയുന്നതിലേക്കും അതിൽ വളർച്ച പ്രാപിക്കുന്നതിലേക്കും വഴി നടത്തുന്ന പരിശുദ്ധാത്മാവെന്ന തന്റെ മനോഹരസമ്മാനത്തെ നല്കിക്കൊണ്ടുമിരിക്കുന്നു.

സ്നേഹം കിട്ടാനും കൊടുക്കാനും നമുക്ക് അതിയായ ആഗ്രഹമുണ്ടെങ്കിലും വി. പൗലോസ് അപ്പസ്തോലൻ പറയുന്നതുപോലെ "നാം ഇച്ഛിക്കാത്തതാണ് പലപ്പോഴും നാം ചെയ്യുന്നത്" (റോമാ. 7,19). മനസ്സിലാക്കാൻ പ്രയാസമുള്ള ഒരു വലിയ ആത്മീയരഹസ്യമാണിത്.

ജീവിതത്തിലെ ഉപ്പുരസം അഥവാ രുചി നഷ്ടപ്പെടുക എന്ന ഈ വെല്ലുവിളി ലൗകികരായവർക്കു മാത്രമല്ല ആത്മീയ വ്യക്തികളെന്നു പറയപ്പെടുന്ന നമുക്കുമുണ്ട്. എല്ലാം സദുദ്ദേശ്യങ്ങളെങ്കിലും പലപ്പോഴും സ്നേഹിക്കുന്നതിൽ നാം പരാജയപ്പെടുന്നു. 'നമ്മൾ', 'അവർ' തുടങ്ങിയ വേർതിരിവുകൾ സൃഷ്ടിക്കുന്നു. 'ശരി'യല്ലാത്തവരെ നിരാകരിക്കുന്നു. സകല വിധത്തിലും പലതരക്കാരായ 'മറ്റുള്ളവരെ' നാം കഠിനമായി വെറുക്കുന്നു. തത്വചിന്തകനും എഴുത്തുകാരനുമായ എലീ വീസൽ (Elie Wie-sel) പറയുന്നതുപോലെ സ്നേഹത്തിന്റെ എതിർപദം വെറുപ്പല്ല, നിസ്സംഗതയാണ്. നല്ല സമറായന്റെ കഥയിലെ പുരോഹിതനെയും ലേവായനെയും മാത്രമേ നാം ഈ രീതിയിൽ കുറ്റക്കാരായി ചിന്തിക്കാറുള്ളൂ. അയൽക്കാരനെ ബന്ധപ്പെടുകയും

സഹായിക്കുകയും ചെയ്യുന്നതിലെ സകല ആവേശത്തെയും സംശയദൃഷ്ടിയോടെ വീക്ഷിക്കുകയും, അപരനോടു നിരന്തരം വർധിക്കുന്ന നിസ്സംഗത പുലർത്തുകയും ചെയ്യുന്ന ഒരു തരം 'സ്നേഹരഹിത പക്വത'യിൽ വ്യാപരിക്കുന്ന നമ്മളും വാസ്തവത്തിൽ കുറ്റക്കാരല്ലേ?

വി. തെരേസ പറയുന്നു: "നമുക്ക് സ്നേഹിക്കാം; എന്തെന്നാൽ അതിനായിട്ടാണ് നമ്മുടെ ഹൃദയങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ". സ്നേഹരഹിത ജീവിതം ഈ ലോകത്തിൽ ഫലശൂന്യമാണ്, പരലോകജീവിതത്തിനോ ഒരിക്കലും യോഗ്യമല്ലതാനും. അതിനാൽ പക്വതയിൽ വളരാനുള്ള നമ്മുടെ യാത്ര സ്നേഹമില്ലായ്മയിൽ നിന്നു യഥാർഥ സ്നേഹത്തിലേക്കുള്ള യാത്രയാണ്. പൗലോസിന്റെ സ്നേഹഗീതം (1 കോറി. 13) ഇതു തന്നെയാണ് നമ്മെ ഓർമപ്പെടുത്തുന്നത്. അസൂയ, പൊങ്ങച്ചം, അസത്യം, ധാർഷ്ട്യം, കടുംപിടുത്തം, മുൻകോപം, നീരസം, തിന്മയിലുള്ള സന്തോഷം എന്നിവയിൽനിന്ന് ക്ഷമ, ദയ, നന്മയിലുള്ള സന്തോഷം ഇവയിൽ തുടങ്ങി സകലതും സഹിക്കുന്ന, വിശ്വസിക്കുന്ന, പ്രത്യാശിക്കുന്ന, എന്നേക്കും നിലനില്ക്കുന്നവയിലേക്കു ബോധപൂർവ്വം നടത്തേണ്ട ഒരു അനുദിനയാത്രയാണത്. നമുക്ക് മുന്നിലുള്ള വെല്ലുവിളി 'ഒന്നുകിൽ/അല്ലെങ്കിൽ' എന്നതാണ്. സ്നേഹിക്കുക അല്ലെങ്കിൽ സ്നേഹിക്കാതിരിക്കുക. ഒരേ സമയം നമ്മുടെ ഹൃദയത്തിനു ഒറ്റപ്രകൃതമേയുള്ളൂ: ഒന്നുകിൽ അന്ധകാരത്തിലായിരിക്കുക അല്ലെങ്കിൽ സ്നേഹപ്രഭയിലായിരിക്കുക; അതൊരു നിരന്തരമായ തെരെഞ്ഞെടുപ്പാണ്.

സ്നേഹത്തിൽ സജീവമായൊരു ജീവിതം കെട്ടിപ്പടുക്കാനുള്ള പ്രചോദനങ്ങളാലും സഹായങ്ങളാലും ചുറ്റപ്പെട്ട ഒരു ക്രിസ്തീയജീവിതം എത്ര സമ്പന്നവും ആഹ്ളാദകരവുമാണ്! നിസ്സംഗതയുടെയും വെറുപ്പിന്റെയും ഇരുണ്ട മണ്ഡലങ്ങൾ ഉപേക്ഷിച്ച് സ്നേഹജീവിതത്തിൽ ധൈര്യപൂർവം മുന്നേറാൻ നാം തീരുമാനിക്കുമ്പോൾ അനുകൂലസാഹചര്യങ്ങൾ നിരവധിയാണ്. യേശുവാണ് നമ്മുടെ മാതൃക, പരിശുദ്ധാത്മാവു നമ്മെ ഉത്തേജിപ്പിക്കും, ജീവന്റെ അപ്പം ഊർജ്ജം പകരും, ദിവ്യവചനം ഹൃദയം ജ്വലിപ്പിക്കും, അഭിഷേകം നിറഞ്ഞ ചെറിയ സൗഹൃദക്കൂട്ടായ്മകൾ നല്ല നഴ്സറിയായി മാറും. നമുക്കു ചുറ്റുമുള്ള സഹായമർഹിക്കുന്നവർ സ്ഥിരമായ വെല്ലുവിളികൾ ഉണർത്തുകയും ചെയ്യും. അതേ, നാം ജീവിതത്തെയും നമുക്ക് ചുറ്റുമുള്ള എല്ലാറ്റിനെയും സ്നേഹമഭ്യസിക്കാനും അതിൽ വളരാനുമുള്ള പരിശീലനക്കളരിയായി കണ്ടുതുടങ്ങിയാൽ, ജീവിതയാത്ര മുഴുവൻ പുതുമകൾ നിറഞ്ഞ ഒരു സാഹസികസഞ്ചാരമായി മാറും.

സ്നേഹമെന്നത് എല്ലായ്പ്പോഴും പൂക്കൾ മാത്രമല്ല, മുള്ളുകളും അടങ്ങിയിരിക്കുന്നതത്രേ. സ്നേഹത്തിന്റെ മുള്ളുകൾ നമ്മെ കുത്തിനോവിക്കുമ്പോൾ അതിവിടെയും ജീവിതാനന്തരവും ആനന്ദത്തിന്റെ പരിപൂർണതയിലേയ്ക്കുള്ള പാതയാണെന്നു നമ്മെത്തന്നെ ഓർമിപ്പിക്കുന്നതു നല്ലതാണ്. വി. അഗസ്റ്റീനോസിന്റെ വാക്കുകളിൽ "സ്നേഹം നിങ്ങളുടെ ഉള്ളിൽ വളരുന്നതിനാൽ സൗന്ദര്യവും വളരുന്നു. എന്തെന്നാൽ, സ്നേഹം ആത്മാവിന്റെ സൗന്ദര്യമാണ്." നാം ആരംഭിക്കുന്ന സ്നേഹയാത്ര ഈ ലോകത്തിൽ വലിയ സംതൃപ്തിയുടെയും സൗന്ദര്യത്തിന്റെയും ആനന്ദത്തിന്റെയും മുഹൂർത്തങ്ങളിലേയ്ക്കു നമ്മെ നയിക്കുന്ന പാതയാണ്; അവസാനം നിത്യജീവിതത്തിലേക്കും. സ്നേഹത്തിന്റെ ഏറ്റവും നല്ല മാതൃകയായ യേശുവിലേയ്ക്കും പരിശുദ്ധ കന്യാമറിയത്തിലേയ്ക്കും വിശുദ്ധരിലേയ്ക്കും ഉറ്റു നോക്കി നമുക്ക് ഈ യാത്ര തുടരാം.

ഡോ. എഡ്വേർഡ് എടേഴത്ത്

ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ തുടക്കത്തിലും വളർച്ചയിലും നിർണായക പങ്കുവഹിച്ചിട്ടുള്ള ഷെവലിയർ ഡോ. എഡ്വേർഡ് എടേഴത്ത്, ഭാര്യ ഓഡ്രിയോടൊപ്പം കൊച്ചിയിൽ താമസിക്കുന്നു. ഇന്റർനാഷണൽ ഫോർമേഷൻ ടീമിന്റെ ആനിമേറ്ററാണ്.